**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ. 417

26.06.2014 ൽ
മറുപടിക്ക്

## സംസ്ഥാനത്തിന് വെളിയിലുള്ള സർക്കാർ ഭൂമി കയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ.സണ്ണി ജോസഫ് : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാരിന്റെ പേരിൽ പട്ടയമുള്ള ഭൂമികളും അവയിലുള്ള കെട്ടിടങ്ങളും സംസ്ഥാനത്തിന് വെളിയിൽ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ; | (എ) സർക്കാർ ഉടമസ്ഥതയിൽ സംസ്ഥാനത്തിന് പുറത്ത് വിവിധ വകുപ്പുകളുടെ കീഴിലുള്ള വസ്തു വകകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ ഭൂമികളിലെ കൈയ്യേറ്റം തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഇവ സംരക്ഷിക്കുവാൻ നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി), (സി) & (ഡി) പത്മനാഭപുരം സമുച്ചയം ഉൾപ്പെടുന്ന 6 ഏക്കർ 46 സെന്റ് വസ്തു റീ സർവ്വേ ചെയ്തതിൽ 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ടെന്നും ഈ സ്ഥലം ഇപ്പോഴുള്ള അതിരിന് വെളിയിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. രണ്ട് സർക്കാരും ചേർന്നുള്ള റീ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റാലത്തുള്ള കേരളാ പാലസിന്റെ ഭൂമിയിൽ 20.5 സെന്റ് സ്ഥലം ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന പേരിലുള്ള സംഘടന കൈയ്യേറിയിട്ടുണ്ട്. പ്രസ്തുത കൈയ്യേറ്റം ഒഴിവാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പൊള്ളാച്ചി, നഞ്ചൻഗുഡ്, ചെങ്കോട്ട എന്നീ തടി ഡിപ്പോകളിൽ കൈയ്യേറ്റം ഉണ്ടാകാതിരിക്കാൻ ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചു വരുന്നു. കൂടാതെ സ്ഥലവും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും പൂർണ്ണമായും കേരള ഗവൺമെന്റിന്റെ അധീനതയിൽ ആയതിനാലും ഇവയിൽ കേരളത്തിന്റെ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുകയും ചെയ്യുന്നതിനാൽ കൈയ്യേറ്റ സാദ്ധ്യതകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | ഉടമാവകാശം (വകുപ്പ്) | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|
| 1 | കേരള ഹൌസ്, ന്യൂഡൽഹി | 2.496 ഏക്കർ | പൊതുഭരണ വകുപ്പ് | 6867.33 മീ.സ്ക്വയർ |
| 2 | ട്രാവൻകൂർ ഹൌസ്, ന്യൂഡൽഹി | 8.075 ഏക്കർ | പൊതുഭരണ വകുപ്പ് | 4424.00 മീ.സ്ക്വയർ |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | പൊതുഭരണ വകുപ്പ് | 741.01 മീ.സ്ക്വയർ |
| 4 | കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | 40 സെന്റ് | ഇന്ത്യൻ ട്രെയിഡ് പ്രൊമോഷൻ ഓർഗനൈസേഷൻ | 2020.00 മീ.സ്ക്വയർ |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8 ഏക്കർ | ടൂറിസം വകുപ്പ് | |
| 6 | കേരള ഹൌസ്, കന്യാകുമാരി | 1.645 ഹെക്ടർ | ടൂറിസം വകുപ്പ് | |
| 7 | കുറ്റാലം കൊട്ടാരം | 56.68 ഏക്കർ | പൊതുമരാമത്ത് വകുപ്പ് | കെട്ടിടം |
| 8 | പത്മനാഭപുരം കൊട്ടാരം | 6 ഏക്കർ 17 സെന്റ് | പുരാവസ്തു വകുപ്പ് | കെട്ടിടം |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 5.823 ഹെക്ടർ | വനം വകുപ്പ് | 85.56 മീ.സ്ക്വയർ |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 3.49 ഹെക്ടർ | വനം വകുപ്പ് | |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | 2.40 ഹെക്ടർ | വനം വകുപ്പ് | 97.75 മീ.സ്ക്വയർ |
| 12 | സത്രം, വാരണാസി ധർമ്മശാല | 17.5 സെന്റ് | കൊച്ചിൻ ദേവസ്വം ബോർഡ് | കെട്ടിടം |

രാമചന്ദ്രൻ കടന്നപ്പള്ളി